"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി പത്മാവതി, വടക്കൂടൻ വീട്, പൊന്നൂക്കര, തൃശ്ശൂർ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.662/2026/ID തീയതി,തിരുവനന്തപുരം, 18-06-2026

---

പരാമർശം:-
1. തൃശ്ശൂർ ജിയോളജിസ്റ്റിന്റെ 19.09.2025 തീയതിയിലെ 33/25-26/OE/2165/C1/TDO/2020 നമ്പർ നടപടിക്രമം
2. ശ്രീമതി പത്മാവതി, വടക്കൂടൻ വീട്, പൊന്നൂക്കര, തൃശ്ശൂർ 18.12.2025 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 10-02-2026 തീയതിയിലെ ഡിഎംജി/566/2026-എം4 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ശ്രീമതി പത്മാവതി, വടക്കൂടൻ വീട്, പൊന്നൂക്കര, തൃശ്ശൂർ സമർപ്പിച്ച അപ്പീൽ ഹർജി കണ്ടാലും. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ പുത്തൂർ വില്ലേജിൽ സർവ്വേ നമ്പർ 826/പി ൽ ഹർജിക്കാരിയുടെ സ്ഥലത്ത് നിന്നും 1330 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ടിയാരി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുമതി ഉത്തരവ് നൽകിയിരുന്നുവെന്നും എന്നാൽ, മിനറൽ ട്രാൻസിറ്റ് പാസുകൾക്കായുള്ള അപേക്ഷയോടൊപ്പം സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ട്രാൻസിറ്റ് പാസുകൾ അനുവദിക്കുന്ന തീയതി മുതൽ പരമാവധി ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ തറ നിർമ്മാണമെങ്കിലും

പൂർത്തിയാക്കുന്നതാണെന്നും, ആയത് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്ത പക്ഷം സാധാരണ മണ്ണ് നീക്കം ചെയ്ത പ്രവൃത്തി അനധികൃതമായി കണക്കാക്കാവുന്നതും നേരത്തേ സർക്കാരിലേക്ക് ഒടുക്കിയ റോയൽറ്റിക്കു പുറമെ ഖനനം ചെയ്ത് നീക്കിയ മണ്ണിന്റെ അഞ്ചിരട്ടി റോയൽറ്റി അടവാക്കുന്നതിന് ബാധ്യസ്ഥനാണെന്നുമുള്ള ചട്ടപ്രകാരമുള്ള സത്യവാങ്ങ് മൂലം ഹർജിക്കാരി ഹാജരാക്കിയിട്ടുള്ളതുമാണെന്നും, എന്നാൽ അനുമതി ഉത്തരവ് സമ്പാദിച്ച് ഒരു വർഷം പൂർത്തിയായിട്ടും കെട്ടിട നിർമ്മാണം/തറ നിർമ്മാണം പൂർത്തിയാക്കിയതു സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ ടിയാരി ജിയോളജി വകുപ്പിൽ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ഉപചട്ടം 14(5) / ഭേദഗതി ചട്ടങ്ങളിലെ 14(8) പ്രകാരം അനുമതി നൽകിയ 1330 മെടിക് ടൺസാധാരണ മണ്ണിന് 5 മടങ്ങ് റോയൽറ്റിയായി 1,33,000/- രൂപ ( 31.03.2023 ന് മുൻപ് നടന്ന ഖനനമാകയാൽ റോയൽറ്റി ടണ്ണിന് 20 രൂപ നിരക്കിൽ ) ഒടുക്കി കുറ്റം രാജിയാക്കുവാൻ ബാധ്യസ്ഥനാണെന്ന് അറിയിച്ചുകൊണ്ട് 19/03/2025 നോട്ടീസും 31/07/2025 തീയതിയിൽ ഡിമാന്റ് നോട്ടീസും നൽകിയതിന് ടിയാരി സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അനുമതി നൽകിയ 1330 മെടിക് ടൺ സാധാരണ ഒണ്ണിന് 5 മടങ്ങ് റോയൽറ്റിയായി 1,33,000/- രൂപ ( ഒരു ലക്ഷത്തി മുപ്പത്തിമൂവ്വായിരം രൂപ ) നേരിൽ ഹാജരായി ഇ- ചലാൻ മുഖേന ഉത്തരവ് കൈപറ്റി 7 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണെന്ന് ഉത്തരവായിക്കൊണ്ട് തൃശ്ശൂർ ജിയോളജിസ്റ്റ് 19/09/2025 തീയതിയിൽ പരാമർശം (1) പ്രകാരം നല്കിയ നടപടിക്രമത്തിനെതിരെയാണ് ശ്രീമതി.പത്മാവതി പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 09/06/2026 -ന് നടത്തിയ ഹിയറിംഗിൽ അപ്പീൽകക്ഷിക്ക് വേണ്ടി ഹാജരായ അഭിഭാഷകയും, ജില്ല ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. സാമ്പത്തിക പ്രതിസന്ധി കാരണം അപ്പീൽകക്ഷിക്ക് അടിത്തറ നിർമ്മിക്കാൻ കഴിഞ്ഞില്ലെന്നും, അതോടൊപ്പം തന്നെ അനുമതി നൽകിയ മണ്ണ് പൂർണ്ണമായും അവർ നീക്കം ചെയ്തിട്ടില്ലെന്നും അഭിഭാഷകൻ വാദിച്ചു. വളരെ കുറഞ്ഞ അളവിലുള്ള മണ്ണ് മാത്രമേ അവർ നീക്കം ചെയ്തിട്ടുള്ളൂ. കെ.എം.എം.സി (KMMC) ചട്ടങ്ങൾ അനുസരിച്ച്, ആ പ്രദേശത്തുനിന്ന് ഖനനം ചെയ്ത സാധാരണ മണ്ണിന് മാത്രമേ അവർ പിഴ അടയ്ക്കാൻ ബാധ്യസ്ഥയായിട്ടുള്ളൂ. എന്നാൽ ഡിമാൻഡ് നോട്ടീസിൽ, ഖനനം ചെയ്ത അളവിന് പിഴ നിശ്ചയിക്കുന്നതിന് പകരം, അനുമതി നൽകിയ മുഴുവൻ അളവിനുമാണ് പിഴ നിശ്ചയിച്ചിരിക്കുന്നതെന്നും അപ്പീൽ കക്ഷിയുടെ അഡ്വക്കേറ്റ് വാദിച്ചു.അപ്പീൽകക്ഷി മുഴുവൻ അളവ് മണ്ണും നീക്കം ചെയ്തിട്ടില്ലായിരുന്നെങ്കിൽ ബാക്കിയുള്ള പാസുകൾ (passes) തിരികെ സമർപ്പിക്കേണ്ടതായിരുന്നുവെന്നും എന്നാൽ അവ തിരികെ സമർപ്പിച്ചിട്ടില്ലെന്നും ജിയോളജിസ്റ്റ് അഭിപ്രായപ്പെട്ടപ്പോൾ അപ്പീൽകക്ഷിക്ക് ഈ കാര്യത്തെക്കുറിച്ച് അറിവുണ്ടായിരുന്നില്ലെന്നും തുടർന്ന് ഈ പാസുകൾ കൈമോശം വന്നുപോയതായും അഭിഭാഷക വ്യക്തമാക്കി.

4. അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ താലൂക്കിൽ, പുത്തൂർ വില്ലേജിൽ, സർവെ നമ്പർ 826/പി ൽപ്പെട്ട സ്ഥലത്ത് നിന്നും സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ശ്രീമതി പത്മാവതി മുതൽ പേർ, വടക്കൂടൻ വീട്, പൊന്നൂക്കര, തൃശ്ശൂർ എന്നവർ 22.09.2020 തീയതിയിൽ തൃശ്ശൂർ ജില്ലാ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷയിൻമേൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച നിരാക്ഷേപപത്രത്തിൻറെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിൻറെ ഭാഗമായി ഭൂമി നിരപ്പാക്കി 665 ക്യൂബിക് മീറ്റർ (1330 മെട്രിക് ടൺ) സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് 16.11.2020 തീയതിയിൽ 192/20-21/2165/OE/C1/TDO/2020 നമ്പറായി അനുമതി ഉത്തരവ് നൽകിയിരുന്നു. മിനറൽ ട്രാൻസിറ്റ് പാസുകൾക്കായുള്ള അപേക്ഷയോടൊപ്പം സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ട്രാൻസിറ്റ് പാസുകൾ അനുവദിക്കുന്ന തീയതി മുതൽ

പരമാവധി ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിൻറെ തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കുന്നതാണെന്നും ആയത് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്ത പക്ഷം സാധാരണ മണ്ണ് നീക്കം ചെയ്ത പ്രവൃത്തി അനധികൃതമായി കണക്കാക്കാവുന്നതും, നേരത്തെ സർക്കാരിലേക്ക് ഒടുക്കിയ റോയൽറ്റിക്കു പുറമെ ഖനനം ചെയ്ത് നീക്കിയ മണ്ണിൻറെ അഞ്ചിരട്ടി റോയൽറ്റി അടവാക്കുന്നതിന് ബാധ്യസ്ഥയാണെന്നുമുള്ള ചട്ടപ്രകാരമുള്ള സത്യവാങ്ങ് മൂലം ശ്രീമതി പത്മാവതി എന്നവർ ഹാജരാക്കിയിരുന്നു. അനുമതി ഉത്തരവ് സമ്പാദിച്ച് ഒരു വർഷം പൂർത്തിയായിട്ടും കെട്ടിട നിർമ്മാണം/തറ നിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച് രേഖകൾ 63100 തന്നെ ശ്രീമതി പത്മാവതി എന്നവർ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 2015 ലെ കേരള മൈനർ മിനറൽ ചട്ടങ്ങളിലെ ഉപചട്ടം 14(5) / ഭേദഗതി ചട്ടങ്ങളിലെ 14(8) പ്രകാരം അനുമതി നൽകിയ 1330 മെട്രിക് ടൺ സാധാരണ മണ്ണിന് 5 മടങ്ങ് റോയൽറ്റി ഒടുക്കുവാൻ ബാധ്യസ്ഥയാണെന്ന് അറിയിച്ചുകൊണ്ട് ശ്രീമതി പത്മാവതി വടക്കൂടൻ വീട് പൊന്നൂക്കര, തൃശ്ശൂർ എന്നവർക്ക് 19.03.2025 തീയതിയിൽ 2165/സി1/ടിഡിഒ/2020 നമ്പറായി നോട്ടീസ് നൽകിയിരുന്നതും ആയതിന് 09.05.2025 തീയതിയിൽ ശ്രീമതി പത്മാവതി എന്നവർ മറുപടി നൽകിയിട്ടുള്ളതുമാണ്. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ശ്രീമതി പത്മാവതി വടക്കൂടൻ വീട്, പൊന്നൂക്കര, തൃശ്ശൂർ എന്നവർക്ക് 31.07.2025 തീയതിയിൽ 2165/സി1/ടിഡിഒ/2020 നമ്പറായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളതും ആയതിന് 21.08.2025 തീയ തിയിൽ ടി വ്യക്തി സമർപ്പിച്ചിട്ടുള്ള മറുപടിയിൽ സാമ്പത്തിക ബുദ്ധിമുട്ട് മൂലം തറപണി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല എന്നറിയിച്ചിട്ടുള്ളതുമാണ് . ശ്രീമതി പത്മാവതി എന്നവർ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ തുക ഒടുക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ച് 19.09.2025 തീയതിയിൽ 33/25-26/OE/2165/C1/TDO/2020 നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് ശ്രീമതി പത്മാവതി എന്നവർക്ക് ജില്ലാ കാര്യാലയത്തിൽ നിന്നും അയചനൽകിയിടതൈമാണെന്ന് കെട്ടിട നിർമ്മാണത്തിൻറെ ഭാഗമായി മണ്ണ് നീക്കത്തിനു അനുമതി നൽകി ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിൻറെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തീകരിക്കണമെന്നുള്ള വ്യവസ്ഥ

ലംഘിച്ചിട്ടുള്ള സാഹചര്യത്തിൽ ആകെ അനുമതി നൽകിയ 1330 മെട്രിക് ടൺ മണ്ണിൻറെ 5 ഇരട്ടി റോയൽറ്റി തുകയായ 133000 രൂപ ഒടുക്കുന്നതിന് അപ്പിൽ കക്ഷി ബാധ്യസ്ഥയാണ്.ഈ സാഹചര്യത്തി അപ്പീലിൽ കഴമ്പില്ലെന്ന് കണ്ട് അപ്പീൽ നിരസിച്ച് ഉത്തരവാകേണ്ടതാണ്.

5. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഇക്കാര്യം പരിശോധിച്ചു.പഞ്ചായത്ത് നൽകിയ ബിൽഡിംഗ് പെർമിറ്റിനെറ അടിസ്ഥാനത്തിലാണ് മണ്ണ് ഖനനം നടത്തി നീക്കം ചെയ്യുവാൻ മൈനിംഗ്&ജിയോളജി വകുപ്പ് അനുമതി നൽകിയത്. അനുവദിച്ച അളവ് പൂർണ്ണമായി ഖനനം നടത്തി നീക്കം ചെയ്യിട്ടില്ലെന്ന് അഭിഭാഷക ആവർത്തിച്ച് ബോധിപ്പിച്ചു. 2015-ലെ കെ.എം.എം.സി (KMMC) ചട്ടങ്ങളിലെ സെക്ഷൻ14(5) പ്രകാരം, ഖനനം ചെയ്യെടുത്ത മണ്ണിന് മാത്രമേ കുറ്റാരോപിതൻ പിഴ അടയ്ക്കാൻ ബാധ്യസ്ഥനാകൂ. എന്നാൽ ബാക്കിയുള്ള പാസുകൾ തിരികെ നൽകിയിട്ടില്ല എന്നാണ് ജിയോളജിസ്റ്റ് അറിയിച്ചത്. ഈ സാഹചര്യത്തിൽ, പഞ്ചായത്ത് അധികൃതരുമായി ചേർന്ന് അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിൽ കക്ഷി യഥാർത്ഥത്തിൽ ഖനനം ചെയ്യെടുത്ത മണിന്റെ അളവ് തിട്ടപ്പെടുത്താനും അതിൻപ്രകാരം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ ഡിമാൻഡ് നോട്ടീസ് നല്കി പെനാൽറ്റി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജിയോളജിസ്റ്റിന് നിർദ്ദേശം നൽകികൊണ്ട് പരാമർശം (2) പ്രകാരം ശ്രീമതി പത്മാവതി സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീമതി പത്മാവതി, വടക്കൂടൻ വീട്, പൊന്നൂക്കര, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്,തൃശ്ശൂർ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 19-06-2026 11:02:55